**<u>15 -ാം കേരള നിയമസഭ</u>**

**<u>5 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1751</u>** **<u>05-07-2022 - ൽ മറുപടിയ്ക്ക്</u>**

**<u>ഭിന്നശേഷി സർട്ടിഫിക്കറ്റ് നൽകുന്നതിനായുള്ള മെഡിക്കൽ ക്യാമ്പുകൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഭിന്നശേഷി സർട്ടിഫിക്കറ്റ് നൽകുന്നതിനായി സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഭിന്നശേഷി സർട്ടിഫിക്കറ്റ് നൽകുന്ന പ്രവർത്തനങ്ങൾ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖാന്തരമല്ല നടപ്പിലാക്കിവരുന്നത്. എന്നാൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആരോഗ്യവകുപ്പുമായി ചേർന്ന് 150 മുതൽ 200 അപേക്ഷകർക്ക് ഒരു വൈകല്യ നിർണയ ക്യാമ്പ് എന്ന നിലയിൽ അപേക്ഷകരുടെ താമസസ്ഥലത്തിന് പരമാവധി അടുത്ത പ്രദേശത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ( പഞ്ചായത്ത് , ബ്ലോക്ക്, മുൻസിപ്പാലിറ്റി / കോർപ്പറേഷൻ) സഹകരണത്തോടെ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനു ലക്ഷ്യമിടുന്നുണ്ട്.<br><br>UDID കാർഡ് ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ഏകോപിപ്പിച്ച് നടത്തുന്നതിന് സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗങ്ങൾ ചേരുകയും തുടർ പ്രവർത്തനങ്ങൾ നടന്നു വരികയും ചെയ്യുന്നു |
| (ബി) | അത്തരത്തിലുള്ള ക്യാമ്പുകൾ ബ്ലോക്കടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഭിന്നശേഷി സർട്ടിഫിക്കറ്റ് നൽകുന്ന പ്രവർത്തനങ്ങൾ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖാന്തരമല്ല നടപ്പിലാക്കിവരുന്നത്. എന്നാൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആരോഗ്യവകുപ്പുമായി ചേർന്ന് 150 മുതൽ 200 അപേക്ഷകർക്ക് ഒരു വൈകല്യ നിർണയ ക്യാമ്പ് എന്ന നിലയിൽ അപേക്ഷകരുടെ താമസസ്ഥലത്തിന് പരമാവധി അടുത്ത പ്രദേശത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ( പഞ്ചായത്ത് , ബ്ലോക്ക്, മുൻസിപ്പാലിറ്റി / കോർപ്പറേഷൻ) സഹകരണത്തോടെ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനു ലക്ഷ്യമിടുന്നുണ്ട്.<br><br>UDID കാർഡ് ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ |

| | | | |
|---|---|---|---|
| | | | ഏകോപിപ്പിച്ച് നടത്തുന്നതിന് സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗങ്ങൾ ചേരുകയും തുടർ പ്രവർത്തനങ്ങൾ നടന്നു വരികയും ചെയ്യുന്നു |
| (സി) | അർഹരായവർക്ക് ശ്രവണ സഹായി, മുച്ചക്ര വാഹനം ഉൾപ്പെടെയുള്ളവ അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (സി) | കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന അർഹരായ ഭിന്നശേഷിക്കാർക്ക് ശ്രവണസഹായി, മുച്ചക്ര വാഹനം എന്നിവ സൗജന്യമായി അനുവദിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ